ജന്മഭൂമി

20 May 2017

## മത്തിയുടെ ലഭ്യതയിൽ ഇടിവ്

# മൊത്തം മത്സ്യ ലഭ്യതയിൽ സംസ്ഥാനം നാലാം സ്ഥാനത്ത്

**കൊച്ചി:** രാജ്യത്ത് മത്തിയുടെ ലഭ്യതയിൽ വീണ്ടും കുറവ്. കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽ നിന്ന് ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ലെ സമുദ്രമത്സ്യ ലഭ്യതയെകുറിച്ച് സിഎംഎഫ്ആർഐ തയ്യാറാക്കിയ വാർഷിക പഠന റിപ്പോർട്ടിലാണ് കണ്ടെത്തൽ. സംസ്ഥാനത്ത് മത്തി കൂടാതെ അയലയുടെ ലഭ്യതയിലും ഗണ്യമായ കുറവുണ്ട്.

1998ന് ശേഷം കേരളത്തിൽ മത്തി കുറയുന്നത് ആദ്യമാണ്. മുൻ വർഷത്തേക്കാൾ 32.8% കുറഞ്ഞ് 45,958 ടൺ മത്തിയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. 2015ൽ ഇത് 68,431 ആയിരുന്നു. 2012ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. കഴിഞ്ഞവർഷം മാത്രം മത്തിയുടെ കുറവ് മൂലം 1300 കോടി നഷ്ടമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. 2015 നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം അയലയുടെ ലഭ്യതയിൽ 33% കുറവുണ്ടായതായി സിഎംഎഫ്ആർഐയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്.

കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ചത് തിരിയാൻ മത്സ്യമാണ്. ഇത് കൂടുതലും വളം, തീറ്റ എന്നീ ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. രണ്ടാം സ്ഥാനത്ത് അയലയാണ്. മത്തിയും അയലയും കഴിഞ്ഞാൽ സാധാരണയായി കൂടുതൽ കാണപ്പെടുന്ന കിളിമീനിന്റെ ലഭ്യതയിലും ഇത്തവണ കുറവുണ്ടായി.



മത്സ്യലഭ്യതയിൽ കേരളം ആദ്യമായാണ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. 2013 മുതൽ കേരളത്തിന് ഒന്നാം സ്ഥാനം നഷ്ടമായിരുന്നു. ഗുജറാത്ത് തന്നെയാണ് തുടർച്ചയായി നാലാം വർഷവും ഒന്നാം സ്ഥാനത്തുള്ളത് (7.74 ലക്ഷം ടൺ). തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. സിഎംഎഫ്ആർഐ കഴിഞ്ഞ വർഷം പുതുതായി കണ്ടെത്തിയ പുള്ളി അയല മത്സ്യം കേരള തീരങ്ങളിൽ നിന്ന് മാത്രമാണ് ലഭിച്ചത്. സിഎംഎഫ്ആർഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. അമിത മത്സ്യബന്ധനവും വൻതോതിൽ ചെറുമീനുകളെ പിടിച്ചതുമാണ് മത്തിയുടെ കുറവിന് പ്രധാന കാരണമെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ ചൂണ്ടിക്കാട്ടി. സിഎംഎഫ്ആർഐയിലെ ഫിഷറീസ് റിസോഴ്സ് അസസ്മെന്റ് വിഭാഗം മേധാവി ഡോ. ടി.വി. സത്യാനന്ദൻ പഠന റിപ്പോർട്ടിലെ ഭാഗങ്ങൾ വിശദീകരിച്ചു. വിവിധ ഗവേഷണ വിഭാഗം മേധാവികളായ ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പ്രതിഭാ രോഹിത്, ഡോ. പി.യു. സക്കറിയ, ഡോ ആർ. നാരായണകുമാർ എന്നിവർ സംബന്ധിച്ചു.